പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2963 — 22.6.2012-ൽ മറുപടിയ്ക്ക്

## കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| **ശ്രീ. എ.കെ. ബാലൻ** | | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | കൃഷിഭവനും ഭൂവുടമയും ചേർന്നുള്ള കരാർ കൃഷി പദ്ധതി അനുസരിച്ച് തിരുവനന്തപുരം ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 2011-12 വർഷത്തിൽ 26.6 ഹെക്ടർ സ്ഥലത്ത് വാഴയും 13 ഹെക്ടർ സ്ഥലത്ത് പച്ചക്കറിയും 17.2 ഹെക്ടർ സ്ഥലത്ത് കിഴങ്ങുവർഗ്ഗ വിളകളും കൃഷി ചെയ്യുന്നവരും ഭൂവുടമകളും തമ്മിൽ കരാറിൽ ഏർപ്പെട്ട് കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷി ഭവനുകൾ കേന്ദ്രീകരിച്ചാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | വെള്ളനാട് ബ്ലോക്കിൽ ആര്യനാട്, പൂവച്ചൽ, ഉഴമലയ്ക്കൽ , തൊളിക്കോട്, കാട്ടാക്കട എന്നീ കൃഷി ഭവനുകളിലും പാറശ്ശാല ബ്ലോക്കിൽ പാറശ്ശാല , ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ കൃഷി ഭവനുകളിലും കഴക്കൂട്ടം ബ്ലോക്കിൽ ശ്രീകാര്യം , മംഗലപുരം , പോത്തൻകോട്, ആറ്റിപ്ര, അണ്ടൂർക്കോണം, കഠിനംകുളം എന്നീ കൃഷി ഭവനുകളിലുമാണ് ഭൂവുടമകളും കൃഷി ചെയ്യുന്നവരും തമ്മിലുള്ള കരാർ കൃഷി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | ഫലഭൂയിഷ്ടമായ ഭൂമി തരിശായി കിടക്കുകയോ പൂർണ്ണമായി ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്നതായ സ്ഥലത്തിന്റെ വിസ്തീർണ്ണം മേൽപ്പറഞ്ഞ കൃഷിഭവനുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | ഈ ഓരോ കൃഷിഭവനും എത്ര കർഷകരുമായി/മഹിളാ സംഘടനകളുമായി ഈ പദ്ധതിയനുസരിച്ച് കരാറിൽ ഏർപ്പെട്ടുവെന്നും വ്യക്തമാക്കുമോ? | (ഡി) | മുകളിൽ പറഞ്ഞ കൃഷി ഭവനുകളിലെ 263 കർഷകരുമായി ഭൂവുടമകൾ കരാറിൽ ഏർപ്പെട്ട് കൃഷി ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**